ആസ്തി വികസന ഫണ്ട്

120 (466) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പണം ലഭിക്കാൻ കാലതാമസം നേരിടുന്നതുമൂലം ആസ്തി വികസന പദ്ധതിയിൽ ഭരണാനുമതി ലഭിച്ച പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് കരാറുകാർ താൽപര്യം കാണിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എം.എൽ.എ. ഫണ്ട് മാതൃകയിൽ ആസ്തി വികസന പദ്ധതി പ്രവൃത്തികൾക്ക് വേഗത്തിൽ പണം ലഭ്യമാക്കാനുള്ള സംവിധാനം ഏർപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) ഡെപ്പോസിറ്റ് വർക്കുകളുമായി ബന്ധപ്പെട്ട് ചില പ്രവൃത്തികൾ ഏറ്റെടുക്കുന്നതിൽ കരാറുകാർക്ക് ബുദ്ധിമുട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധമായ പ്രയാസങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. 11-6-2012-ലെ സ.ഉ.(പി) 332/12/ധന. പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖ പ്രകാരം ആസ്തി വികസന പദ്ധതിയിൻകീഴിലുള്ള പ്രവർത്തികളുടെ പുരോഗതിക്കനുസൃതമായി നിർവ്വഹണ വകുപ്പിന്റെ ശിപാർശകളുടെ വെളിച്ചത്തിലാണ് തുക അനുവദിച്ചുനൽകുന്നത്. പൊതുമരാമത്ത് (കെട്ടിടം, റോഡുകൾ) ജലസേചനം, ഹാർബർ എഞ്ചിനീയറിംഗ് എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ആസ്തി വികസന പദ്ധതികളുടെ ബില്ലുകൾ മറ്റ് പ്രവൃത്തികളുടെ ബില്ലുകൾക്കൊപ്പം സീനിയോരിറ്റിയുടെ അടിസ്ഥാനത്തിലാണ് ഇപ്പോൾ പണം ലഭ്യമാക്കുന്നത്. എം.എൽ.എ. ഫണ്ട് മാതൃകയിൽ പണം ലഭ്യമാക്കാനുള്ള സംവിധാനം പരിഗണനയിലില്ല.

ആസ്തി വികസന സ്കീം

121 (467) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആസ്തി വികസന സ്കീമിൽ ഉൾപ്പെടുത്തി നിർമ്മാണ പ്രവർത്തനം നടന്നുവരുന്നതും നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതുമായ വൈപ്പിൻ മണ്ഡലത്തിലെ വിവിധ പ്രവർത്തികൾ സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ ;

(ബി) നടന്നുവരുന്ന പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ അതാത് എം.എൽ.എ.-മാരെ യഥാസമയം അറിയിക്കണമെന്ന നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ കർശന നിർദ്ദേശം നൽകുന്നതിനും പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly